മൂന്നാം പഞ്ചവത്സരപദ്ധതിക്കു് ചെലവായ തുക.

16. [30] ശ്രീ. പി. വിശ്വംഭരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) മൂന്നാം പഞ്ചവത്സരപദ്ധതിയിൽ കൊള്ളിച്ചിട്ടുള്ള പരിപാടികൾക്കായി 1955-56-ൽ ഇതുവരെ എന്തു തുക ചെലവായിട്ടുണ്ടു്;

(ബി) സംസ്ഥാനത്തെ ഓരോ കമ്മ്യൂണിറ്റി പ്രാജക്റ്റിലും, ഡെവലപ്പുമെന്റു ബ്ലാക്കിലും, എൻ. ഈ. എസ്സു്. ബ്ലാക്കിലും ഈ വർഷം എന്തു തുക വീതം ചെലവായി;

(സി) ഇവ ഓരോന്നിനും ഈ വർഷത്തേയ്ക്കു് നീക്കിവച്ചിട്ടുള്ള തുക എന്തു്?

ഉത്തരം.

(എ) മൂന്നാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പരിപാടികൾക്കായി 1955 ഏപ്രിൽ മൂന്നാംതീയതി മുതൽ 1955 ജൂലൈ മാസാവസാനംവരെ ഒരു കോടി ഇരുപത്തൊമ്പതിനായിരത്തി അറനൂറിപന്ത്രണ്ടു് (100,29,612) രൂപ ചെലവായിട്ടുണ്ടു്.

(ബി) 1955 ഏപ്രിൽമാസം മൂന്നാംതീയതി മുതൽ 1955 ആഗസ്റ്റു് മാസാവസാനംവരെ ഓരോ ബ്ലാക്കിലും പ്രാജക്റ്റിലും ചെലവായ തുക താഴെ പറയുന്ന പ്രകാരമാണു്:

	ചെലവു് (ലക്ഷം രൂപ)
നെയ്യാറ്റിൻകര-വിളവങ്കോടു് കമ്മ്യൂണിറ്റി പ്രാജക്റ്റു്	3.48
കുന്നത്തുനാടു്-ചാലക്കുടി ,,	3.73
കൂട്ടനാടു് ഡെവലപ്പുമെന്റു് ബ്ലാക്കു്	0.68
അഗസ്തീശ്വരം എൻ. ഈ. എസ്സു്. ബ്ലാക്കു്	0.44
മൂവാറ്റുപുഴ ,, ,,	0.43
തിരുവല്ലാ (കോയിപ്പുറം),, ,,	0.51
തിരുവനന്തപുരം (റൂറൽ) ,,	0.30
പള്ളിക്കീഴു് ,,	0.16
മാവേലിക്കര ,,	0.38
ചിറ്റൂർ ,,	0.22
ഉഴവൂർ ,,	0.19
കൊട്ടാരക്കര ,,	0.06

(സി) ഓരോ പ്രാജക്റ്റിനും ബ്ലാക്കിനും ഈ വർഷത്തേയ്ക്കു് നീക്കിവച്ചിട്ടുള്ള തുക;

	നീക്കിവച്ചിട്ടുള്ള തുക (ലക്ഷം രൂപ)
നെയ്യാറ്റിൻകര-വിളവങ്കോടു് കമ്മ്യൂണിറ്റി പ്രാജക്റ്റു്	17.09
കുന്നത്തുനാടു്-ചാലക്കുടി ,,	20.18
കൂട്ടനാടു് ഡെവലപ്പുമെന്റു് ബ്ലാക്കു്	5.63
അഗസ്തീശ്വരം എൻ. ഈ. എസ്സു്. ബ്ലാക്കു്	2.23

LIBRARY ARCHIVES Kerala Legislative Assembly

		നീക്കിവച്ചിട്ടുള്ള തുക (ലക്ഷം രൂപ)
മൂവാറ്റുപുഴ എൻ. ഇ. എസ്സ്. ബ്ലോക്ക്	,,	2.65
തിരുവല്ലാ (കോയിപ്രം)	,,	2.54
തിരുവനന്തപുരം (റൂറൽ)	,, ,,	1·85
പുളിക്കീഴ്	,,	1.85
മാവേലിക്കര	,,	2.05
ചിറ്റൂർ	,,	1.85
ഉഴവൂർ	,,	1.85
കൊട്ടാരക്കര	,,	3.20

പഞ്ചായത്തുകളുടെയും വാർഡുകളുടെയും നിലവിലുള്ള അതിരുകൾ.

17. [37] ശ്രീ. കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെയും വാർഡുകളുടെയും നിലവിലുള്ള അതിരുകൾ മാറ്റുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇപ്പോഴുള്ള പഞ്ചായത്തുമെംബറന്മാരുടെ അഭിപ്രായം ആരായുമോ?

ഉത്തരം.

(എ) എല്ലാ പഞ്ചായത്തുകളുടെയും വാർഡുകളുടെയും നിലവിലുള്ള അതിരുകൾ മാറ്റുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(ബി) എന്തെങ്കിലും കാരണവശാൽ മാറ്റാൻ ഇടയാകുകയാണെങ്കിൽ, ഇപ്പോഴുള്ള പഞ്ചായത്തുകളുടെ അഭിപ്രായം ആരായുന്നതാണ്.

പഞ്ചായത്തതിർത്തികളിലെ പുറംപോക്കുഭൂമികൾ.

18. [38] ശ്രീ. കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഞ്ചായത്തതിർത്തികളിലുള്ള പുറംപോക്കുഭൂമിയുടെമേൽ പഞ്ചായത്തുകൾക്ക് അധികാരം കൊടുക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം.

പുറമ്പോക്കുകളെ പഞ്ചായത്തുകളുടെ അധീനതയിൽ വിട്ടുകൊടുക്കുന്നകാര്യം പരിഗണിച്ചു വരികയാണ്. അവസാനതീരുമാനം ഇതുവരെ എടുത്തിട്ടില്ല.

Papers Laid on the Table.

Home Minister (SHRI A. J. JOHN): Sir, I beg to lay on the table the Travancore Public Servants (Inquiries) Amendment Ordinance, II of 1955, promulgated by His Highness the Rajpramukh on the 6th July 1955.

LIBRARY ARCHIVES Kerala Legislative Assembly